# വിശ്വാസപരിശീലനരംഗം

**"തോമസ് പറഞ്ഞു: എൻെറ കർത്താവേ, എൻെറ ദൈവമേ!" - യോഹ 20:28.**

## ദുക്റാന തിരുനാൾ

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശ്ലീഹന്മാരിൽ ഒരാളായ മാർത്തോമ്മാ ശ്ലീഹായാണ് ഭാരതത്തിലേക്ക് ക്രിസ്തീയ വിശ്വാസം കൊണ്ടുവന്നത്. ക്രിസ്തുവർഷം 52-ൽ അദ്ദേഹം കേരളത്തിലെ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങി എന്ന് വിശ്വസിക്കപ്പെടുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും ഏഴരപ്പള്ളികൾ സ്ഥാപിക്കുകയും ചെയ്തു.

തുടർന്ന് ഭാരതത്തിന്റെ കിഴക്കൻ തീരങ്ങളിലേക്ക് സഞ്ചരിച്ച്, ക്രിസ്തുവർഷം 72-ൽ ചെന്നൈയിലെ മൈലാപ്പൂരിൽവച്ച് അദ്ദേഹം രക്തസാക്ഷിത്വം വരിച്ചു.

യേശുവിന്റെ ഉത്ഥാനത്തിൽ സംശയം പ്രകടിപ്പിച്ചെങ്കിലും, പിന്നീട് കർത്താവിനെ കണ്ട് ബോധ്യപ്പെട്ട് **"എന്റെ കർത്താവേ, എന്റെ ദൈവമേ"** എന്ന് ഉറക്കെ പ്രഖ്യാപിച്ച തോമാശ്ലീഹായുടെ ആ വിശ്വാസപ്രഖ്യാപനമാണ് ഇന്നും നമ്മുടെ കത്തോലിക്കാ വിശ്വാസത്തിന്റെ അടിത്തറ.

ഈ വിശ്വാസ പാരമ്പര്യത്തെയാണ് നമ്മൾ മാർത്തോമ്മാ പാരമ്പര്യം എന്ന് വിളിക്കുന്നത്. അതിനാലാണ് ജൂലൈ 3 നമ്മൾ ഭാരതത്തിന്റെ അപ്പോസ്തലനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളായി (ദുക്റാന) ആചരിക്കുന്നത്.

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ നമുക്ക് നൽകുന്നത് വലിയൊരു വിശ്വാസ പ്രഖ്യാപനത്തിന്റെ സന്ദേശമാണ്.

കുട്ടികളേ, തോമാശ്ലീഹായെപ്പോലെ ഈശോയെ സ്വന്തം ഹൃദയത്തോട് ചേർത്തുപിടിക്കാൻ നിങ്ങൾ പഠിക്കണം. സംശയങ്ങളുണ്ടാകുമ്പോൾ ഭയപ്പെടാതെ, പ്രാർത്ഥനയിലൂടെ ഈശോയോട് കൂടുതൽ അടുക്കുക. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് പൂർണ്ണഹൃദയത്തോടെ ഏറ്റുപറയാൻ തോമാശ്ലീഹ നിങ്ങളുടെ വഴികാട്ടിയാകട്ടെ.

അധ്യാപകരേ, കുട്ടികൾക്ക് കേവലം അറിവ് നൽകുന്നവരല്ല, മറിച്ച് തോമാശ്ലീഹായെപ്പോലെ ക്രിസ്തുവിനെ അനുഭവിച്ചറിയാൻ അവരെ സഹായിക്കുന്നവരാകണം നിങ്ങൾ. ചോദ്യങ്ങൾ ചോദിക്കുന്ന കുട്ടികളെ സ്നേഹത്തോടെ കേൾക്കാനും, അവരുടെ സംശയങ്ങൾ ദൂരീകരിച്ച് അവരെ ജീവനുള്ള വിശ്വാസത്തിലേക്ക് നയിക്കാനും നിങ്ങൾക്ക് സാധിക്കട്ടെ.

മാതാപിതാക്കളേ, കുടുംബങ്ങളാണ് വിശ്വാസത്തിന്റെ ആദ്യ പാഠശാലകൾ. മാർത്തോമ്മാ ശ്ലീഹാ നമുക്ക് പകർന്നുതന്ന ആ ക്രിസ്തീയ വിശ്വാസം ഒട്ടും ചോർന്നുപോകാതെ, സ്വന്തം ജീവിത മാതൃകയിലൂടെ മക്കൾക്ക് കൈമാറാൻ നിങ്ങൾക്ക് കഴിയണം. കുട്ടികളെ ദൈവഭയത്തിലും സ്നേഹത്തിലും വളർത്താൻ ഈ തിരുനാൾ നിങ്ങൾക്ക് പ്രചോദനമാകട്ടെ.

നമ്മെല്ലാവരും തോമാശ്ലീഹായുടെ വിശ്വാസപാരമ്പര്യത്തിന്റെ കാവൽക്കാരാണ്. നമ്മുടെ വാക്കുകളിലും പ്രവർത്തികളിലും ആ ക്രിസ്തീയ വിശ്വാസം എപ്പോഴും പ്രകാശിക്കട്ടെ.

ഏവർക്കും വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ മംഗളങ്ങൾ.

## ആമുഖ സെമിനാർ

ഈ വർഷം പുതിയതായി വിശ്വാസ പരിശീലനത്തിലേക്ക് കടന്നുവന്നവർക്കും ഇതുവരെ ആമുഖ സെമിനാർ കൂടാത്തവർക്കുംവേണ്ടി ജൂൺ 20, 21 എന്നീ തീയതികളിൽ ജ്ഞാനനിലയ ത്തിൽവച്ച് ആമുഖ സെമിനാർ നടത്തപ്പെട്ടു. 20 ാം തിയതി വൈകുന്നേരം 4.00 മണിക്ക് ആരംഭിച്ചു 21 ാം തിയതി വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

18 പേർ ഈ ആമുഖസെമിനാറിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി . ബഹുമാനപ്പെട്ട ജോസഫ് ചീരൻ അച്ഛനും വർഗീസ് കഴുതാടി സാറും ജോണി സാറും ക്ലാസുകൾ നയിച്ചു.

**സ്കോളർഷിപ്പ് പരീക്ഷാ ഫലം 2025–26**

**4th STD**

| | | |
|---|---|---|
| Jacob Paikatt, Gandibagilu | - | 98.75% |
| San Mary Vazhapilly, Nellady | - | 96.88% |
| Aleena Rose Perumpallil, Ajekar | - | 96.25% |
| Theresa Nenmanimuttam, Arla | - | 96.25% |

**7th STD**

| | | |
|---|---|---|
| Jincy Elisha Pazhayattil, Kanchal | - | 98.13% |
| Rosely Koovakkattu, Nellyady | - | 96.88% |
| Maria Punnathanath, Nellyady | - | 96.25% |
| Aaron Sebin Kanakalayil, Katipalla | - | 96.25% |
| Francis Valiyaparambil. Kuthloor | - | 95.6% |

**10th STD**

| | | |
|---|---|---|
| 1st Sneha Rose Puthuvala, Mundaje | - | 86.88% |
| 2nd Emmanuel Pazhayattil, Bajagoli | - | 85% |
| 3rd Amala Chembithanam, Nettana | - | 83.75% |

**12th STD**

| | | |
|---|---|---|
| 1st Alice Evely, Manipal | - | 91.25% |
| 2nd Clerit Vayalil, Mudur | - | 89.69% |
| 3rd Elsy Parokkaran, Kankanady | - | 85% |

**നിങ്ങൾക്ക് അഭിനന്ദനങ്ങൾ !!!**

**പുസ്തകങ്ങളുടെ തുക അടയ്ക്കുക**

പുസ്തകങ്ങൾ വാങ്ങികൊണ്ടുപോയവർ തരാൻ ബാക്കിയുള്ള തുക എത്രയും വേഗം താഴെ നൽകിയിരിക്കുന്ന അക്കൗണ്ടിലേക്ക് അയച്ചതിനു ശേഷം വിശ്വാസ പരിശീലന കേന്ദ്രത്തിൽ വിവരം അറിയിക്കുക.

Name: CATECHETICAL CENTRE,
A/C No. 0813053000001325
IFSC: SIBL0000813
Bank: SOUTH INDIAN BANK
Branch: Belthangady.

**10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് തയ്യാറായിട്ടുണ്ട്. ഇവിടെനിന്നും വാങ്ങിക്കൊണ്ടുപോകണമെന്ന് അറിയിക്കുന്നു.

**വചന ഡയറി**

2025–26 വർഷത്തിൽ കുട്ടികൾ എഴുതിയ വചനഡയറികളിൽ ഒരു ഇടവകയിൽ നിന്നും ഏറ്റവും മികച്ച രണ്ടെണ്ണം വീതം (ജൂനിയർ – 5 മുതൽ 8 ാം ക്ലാസ്സുവരെ, സീനിയർ – 9 മുതൽ 12

൧൦ ക്ലാസ്സുവരെ) തെരഞ്ഞെടുത്ത് ജ്ഞാനനിലയത്തിൽ എത്തിക്കുക. **ജൂലൈ 30 നു മുമ്പായി** എത്തിക്കുന്ന വചനഡയറികൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

**മതാധ്യാപകർക്കുവേണ്ടിയുള്ള വെബിനാർ**

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിനായി കാക്കനാടിൽനിന്നും നടത്തപ്പെട്ട Webinar **ജൂൺ 21 മുതൽ 30 വരെ** (8.30pm-9.30pm) നടത്തപെട്ടുവല്ലോ. ഇതിൽ പങ്കെടുത്ത് **അസൈൻമെന്റ** എഴുതി **ഓഗസ്റ്റ് 30 നു മുമ്പായി** രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**രേഖകൾ സമർപ്പിക്കുക**

2026-27 അധ്യയന വർഷത്തിലെ എല്ലാ ഡോക്യുമെന്റ്സും തന്നിരിക്കുന്ന ഫോമുകളിൽ പൂരിപ്പിച്ച് **ജൂൺ 30** നുള്ളിലായി രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിച്ചിരുന്നു. ഇനിയും തരാൻ ബാക്കിയുള്ളവർ ഉടൻതന്നെ തരണമെന്ന് അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളാശംസകൾ നേരുന്നു. തോമസ് നാമധാരികൾക്ക് തിരുനാളിന്റെ മംഗളങ്ങൾ.

**വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ**

മിഷൻ ലീഗ് സംഘടനയുടെ സഹമധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മ നമ്മുടെ കൊച്ചു കേരളത്തിന്റെ സ്വന്തം വിശുദ്ധയാണ്. കുഞ്ഞായിരുന്നപ്പോൾ അന്നക്കുട്ടി എന്നറിയപ്പെട്ടിരുന്ന അവൾ എപ്പോഴും പ്രാർത്ഥിക്കാനും തന്റെ ചെറിയ സങ്കടങ്ങൾ ഈശോയ്ക്ക് നല്കാനും ഇഷ്ടപ്പെട്ടിരുന്നു. തന്റെ കൈവശമുള്ള നല്ല ഭക്ഷണങ്ങൾപോലും പാവങ്ങൾക്ക് സന്തോഷത്തോടെ പങ്കുവച്ചവളാണ് അൽഫോൻസാമ്മ. നമുക്കും അൽഫോൻസാമ്മയെപ്പോലെ സ്നേഹമുള്ളവരും മറ്റുള്ളവരെ സഹായിക്കുന്നവരുമാകാം. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 നാണ്. തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. അൽഫോൻസാ നാമധാരികൾക്കെല്ലാവർക്കും നാമഹേതുക തിരുനാളിന്റെ ആശംസകൾ നേരുന്നു.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ തോമാശ്ലീഹാ - ജൂലൈ 3

**സുകൃതജപം**

എന്റെ കർത്താവേ എന്റെ ദൈവമേ.

# തിരുബാലസഖ്യം

തിരുബാലസഖ്യം കുട്ടികളുടെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ജൂലൈ 3 ൦ തിയതി വി. തോമാശ്ലീഹായുടെയും ജൂലൈ 28 ൦ തിയതി വി. അൽഫോൻസാമ്മയുടെയും തിരുനാളുകളാണ്. ഈ വിശുദ്ധരെക്കുറിച്ച് അറിയുകയും അവരുടെ മാധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യാം.

**അനുസ്മരിക്കുന്ന തിരുനാൾ**

വിശുദ്ധ അൽഫോൻസാമ്മ - ജൂലൈ 28

**സുകൃതജപം:** ഉണ്ണീശോയേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

# ബൈബിൾ അപ്പസ്തോലേറ്റ്

**ബൈബിൾ പഠനം**

നിങ്ങൾ എല്ലാവരും വെളിപാട് പുസ്തകം വായിച്ചു പഠിക്കുന്നുണ്ടല്ലോ? ബൈബിൾ വായിക്കാനും പഠിക്കാനും എഴുതാനും എല്ലാവരും പരസ്പരം പ്രോത്സാഹിപ്പിക്കുക. ഇതെല്ലാം നിയോഗംവച്ചു ചെയ്യുമ്പോൾ നിങ്ങൾക്ക് വലിയ ദൈവാനുഗ്രഹം ലഭിക്കും.

**ബൈബിൾ പകർത്തി എഴുതിയത്**

2026-27 വർഷത്തിൽ നിങ്ങൾ പകർത്തി എഴുതിയ വെളിപാടുപുസ്തകത്തിന്റെ കൈയെഴുത്ത് പ്രതി ഒരു ഇടവകയിൽ നിന്നും ഏറ്റവും മികച്ച രണ്ടെണ്ണംവീതം (ജൂനിയർ - 5 മുതൽ 8 ാം ക്ലാസ്സുവരെ, സീനിയർ - 9 മുതൽ 12 ാം ക്ലാസ്സുവരെ) രൂപതാ വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കുക. **നവംബർ 15 നു മുമ്പായി** എത്തിച്ച പ്രതികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

**Rev Fr Joseph Cheeran**
Director
Apostolate of Bible & Catechesis